ശ്രീ. ടി. കെ. നാരായണപിള്ള: കുറച്ചുകാലമായിട്ടുണ്ട്. കൃത്യമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഗവമ്മെണ്ടിൽനിന്നും ആ കെട്ടിടത്തിൽ എന്തെങ്കിലും റിപ്പയറുകൾ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിനുമുമ്പ് ഗവമ്മെണ്ടു വക സാധനങ്ങൾ തിരിച്ചെടുത്തിട്ടുണ്ട്.

ശ്രീ. പാറ തളിയത്തു്: ഈ കെട്ടിടത്തിനു് ആകെ എന്തു വാടക കൊടുത്തു എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ കണക്കുകൾ തല്ക്കാലം എന്റെ കൈവശമില്ല.

ശ്രീ. പാറ തളിയത്തു്: ഈ കെട്ടിടം ഗവമ്മെണ്ടിൽനിന്നും എം. എൽ. എ. കമ്മിറ്റിക്കു് സായിട്ടു് എടുക്കുന്നതിനുമുമ്പും ഇതു ഗവമ്മെണ്ടിന്റെ കൈവശം ഇരിക്കുകയായിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. എന്നാൽ കുറേക്കാലത്തിനുമുമ്പു് അതു ഗവമ്മെണ്ടിന്റെ കയ്യിൽ ഇരുന്നിരുന്നു എന്നറിയാം.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: ഫൻ ര വ്ൽ ഈ കെട്ടിടം ഗവമ്മെണ്ടിന്റെ കൈവശത്തിലായിരുന്നില്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള: ആയിരുന്നിരിക്കാം.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: അന്നു് എന്തു വാടകയാണു് കൊടുത്തുകൊണ്ടിരുന്നതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിശ്ചയമില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കെട്ടിടത്തിന്റെ ഉടമസ്ഥൻ ആരാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. കുമാരനാശാരി: ഗവമ്മെണ്ടു വാടകക്കെടുക്കുന്ന കെട്ടിടങ്ങൾ ഉടമസ്ഥനെക്കൊണ്ടു് അറ്റകുറ്റങ്ങൾ തീർപ്പിച്ചു് എടുക്കുന്ന പതിവില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അതാതുസമയത്തെ ആവശ്യമനുസരിച്ചിരിക്കും ഉടമസ്ഥനു സൗകര്യമില്ലെങ്കിൽ ഉടമസ്ഥന്റെ ചിലവിൽ ഗവമ്മെണ്ടിൽനിന്നുതന്നെ വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യാറുണ്ടു്.

Sri. P. Balakrishnan Tampi: Is the Government aware that the building is now let to the Government of India for Rs. 400 per month?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ അങ്ങിനെ അറിയാൻ ഇടയായിട്ടുണ്ടു്.

ശ്രീ. കെ. പി. നിലകണ്ഠപിള്ള: ഈ കെട്ടിടത്തിന്റെ ഉടമസ്ഥൻ ശ്രീ. ബാലകൃഷ്ണൻ തമ്പിയുടെ ഒരു സ്നേഹിതനാണോ? (ചിരി)

നിയമനം

* 8൩൨. (൩) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശിപായിമാർ, മാസപ്പടിമാർ, മുതലായ ഉദ്യോഗസ്ഥന്മാരുടെ ഒഴിവുകളിലൊക്കെ പകരം നോക്കിയിരുന്ന ആളുകളെ നിയമിക്കുന്നതിനു് ഹെഡ് ഓഫ് ഡിപ്പാർട്ടുമെണ്ടിലേക്കധികാരം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചില്ലറ അവധികളിൽ പകരം ആളുകളെ വെക്കുവാൻ ആക്കാണ അധികാരം എന്നു പറയുവാൻ ഭയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

(ബി) എല്ലാ വകുപ്പുകളിലേക്കും സെലക്ഷൻ നടത്താനുള്ള അധികാരം പബ്ലിക്ക് സർവ്വീസ് കമ്മീഷനാണ്. എങ്കിലും ഒരു മാസത്തിൽ കവിയാത്ത കാലാവധിയുള്ള ഒഴിവുകളിൽ അത്യാവശ്യമെന്നു തോന്നുന്നപക്ഷം താല്ക്കാലികമായി പകരം ആളെ വയ്ക്കുവാൻ ഡിപ്പാർട്ടുമെണ്ടുമേലധികാരികൾക്കു അധികാരം നൽകുന്ന കാര്യം ഗവണ്മെണ്ടിന്റെ ആലോചനയിലിരിക്കയാണ്.

ശ്രീ. ടി. ടി. കേശവശാസ്ത്രി: ഡിപ്പാർട്ടുമെണ്ടു മേലധികാരികൾക്കു മുമ്പു ഈ അധികാരം ഉണ്ടായിരുന്നു എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ : മുപ്പതു ദിവസത്തിൽ കുറഞ്ഞ ഒഴിവുകളിൽ ഡിപ്പാർട്ടുമെണ്ടു മേലധികാരികൾ നിയമനങ്ങൾ നടത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ. എന്നാൽ ആ അധികാരം അവക്കു കൊടുക്കണമെന്നുള്ള കാര്യം ഗവണ്മെണ്ടു് ആലോചിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. കോന്നനാട്ടു കുഞ്ഞിരാമമേനോൻ. ആ ആലോചനയുടെ തീരുമാനം എപ്പോഴുണ്ടാകുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉടനെ ഉണ്ടാകും.

Question No.(7) was not put

ചീഫ് മിനിസ്റ്റർമാരുടെ കാൺഫറൻസ്

*8. (വ) ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏപ്രിൽ മാസത്തിൽ ഡൽഹിയിൽവെച്ചു് ചീഫ് മിനിസ്റ്റർമാരുടെ ഒരു കോൺഫറൻസ് നടന്നിരുന്നതായി ഗവണ്മെണ്ടിനറിയാമോ;

(ബി) ആ കാൺഫറൻസിൽ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റ് ചീഫ് മിനിസ്റ്റർ സംബന്ധിച്ചോ; അതു ഏതു തീയതിയാണെന്നു പറയാമോ;

(സി) ആ കാൺഫറൻസ് നടക്കുന്ന ദിവസങ്ങളിൽ ചീഫ് മിനിസ്റ്റർ കൊച്ചിയിൽ സന്നിഹിതനായിരുന്നോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:) (എ) അറിയാം.

(ബി) ഇല്ല. കാൺഫറൻസ് നടന്നതു് ഏപ്രിൽ 10-ം 11-ം തീയതികളിലാണ്.

(സി) അതേ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ചീഫ് മിനിസ്റ്റർക്കു പകരം ആരാണ് ഇവിടെ നിന്നും ആ കാൺഫറൻസിൽ സംബന്ധിച്ചതു്?

ശ്രീ ടി. കെ. നാരായണപിള്ള: പ്രത്യേകം ആരും സംബന്ധിച്ചില്ല. അതു കാൺഗ്രസ്സ് പ്രസിഡണ്ടു വിളിച്ചുകൂടിയ ഒരു യോഗമായിരുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ആ യോഗത്തിൽ സംബന്ധിക്കാത്തതുകൊണ്ടു് ഈ സംസ്ഥാനത്തിനു് എന്തെങ്കിലും ദോഷമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly